AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
THIRUVANANTHAPURAM

**Press Release**

PR . 266/2018 03.12.2018

# കൃഷി ആരോഗ്യസുരക്ഷയ്ക്കുള്ള ഉത്തമ തെറാപ്പി

മാനസിക പരിവർത്തനത്തിലൂടെ ആത്മവിശ്വാസം വളർത്തിയെടുക്കാൻ കഴിയുമെന്നും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് ഹോർട്ടികൾച്ചർ തെറാപ്പി ഉത്തമ മാർഗ്ഗമായിരിക്കുമെന്നും കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് കേരള കാർഷിക സർവകലാശാല തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സംഘടിപ്പിച്ച "കുട്ടികളുടെ വികസനം-ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ" എന്ന ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന കൃഷി വകുപ്പിന്റെ പ്രത്യേക പദ്ധതി പ്രകാരം ആരംഭിച്ച ഹോർട്ടികൾച്ചർ തെറാപ്പി പ്രോജക്ടിന്റെ ഭാഗമായിട്ടായിരുന്നു ശില്പശാല സംഘടിപ്പിക്കപ്പെട്ടത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട പത്തു സ്കൂളുകളിലായിട്ടാണ് പദ്ധതി നടപ്പിലാക്കപ്പെട്ടിട്ടുള്ളത്.ഭിന്നശേഷിയുള്ളവർ സമൂഹത്തിൽ മാറ്റി നിർത്തപ്പെടേണ്ടവരല്ല, മറിച്ച് അവരിലടങ്ങിയിരിക്കുന്ന പ്രത്യേക കഴിവുകൾ കണ്ടെത്തി അവ പ്രയോജനപ്പെടുത്തിയെടുക്കേണ്ടതാണെന്ന് മന്ത്രി സൂചിപ്പിച്ചു. കാർഷിക സർവകലാശാല നടത്തുന്ന ഹോർട്ടകൾച്ചർ തെറാപ്പിയിലൂടെ അവർ ഇത് പ്രായോഗിക തലത്തിൽ പ്രയോജനപ്പെടുത്തിയിരിക്കുകയാണ്. ഹോർട്ടികൾച്ചർ തെറാപ്പി നടത്തിയ ഇടുക്കി, തൃശൂർ ജില്ലകളിലെ സ്കൂളുകളിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ ശേഷി വർദ്ധിച്ചിട്ടുള്ളതായി റിപ്പോർട്ടുകളുണ്ട്. മണ്ണിന്റെ ആരോഗ്യം മനുഷ്യന്റെ ആരോഗ്യമാണ് ശാസ്ത്രീയമായ കൃഷി മുറ സമ്പ്രദായത്തിലൂടെ മാത്രമേ ഇവ രണ്ടും നിലനിർത്താനാകൂ.

കൃഷിയും സംസ്കാരവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. ഈ ബന്ധം തിരിച്ചുകൊണ്ടുവരുന്നതിനും കാർഷിക മേഖലയിൽ പുതുചലനം സൃഷ്ടിക്കുവാനും സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഭാരത്ഭവന് കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. ഭാരത്ഭവന്റെ സേവനങ്ങൾക്ക് സർവ്വകലാശാലയുടെ അംഗീകാരം നൽകുന്നതായും മന്ത്രി

സൂചിപ്പിച്ചു. അംഗീകാരത്തിന്റെ സാക്ഷ്യപത്രം കൃഷിമന്ത്രി ഭാരത്ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂരിന് വേദിയിൽ വച്ച് കൈമാറി. ഭക്ഷ്യസുരക്ഷയ്ക്കായുള്ള ഇടപെടലുകൾ നടത്തുന്നതിനൊപ്പം സുരക്ഷിത ഭക്ഷണമെന്ന ആശയത്തിനും മുഖ്യപ്രാധാന്യം നൽകണം. ഭാരത് ഭവന്റെ ഓർഗാനിക് തീയേറ്റർ എന്ന ആശയവും ഹോർട്ടിക്കൾച്ചർ തീയേറ്റർ തെറാപ്പിയും സംയോജിപ്പിച്ച് "തീയേറ്റർ ഫാമാ" എന്ന സങ്കല്പവുമായി ചില നൂതന പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം നടത്തുവാൻ ആലോചനയുള്ളതായി ആശംസാപ്രസംഗത്തിൽ പ്രമോദ് പയ്യന്നൂർ സൂചിപ്പിച്ചു. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസ്‌ലർ ഡോ.ആർ. ചന്ദ്രബാബു അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ കാർഷിക സർവ്വകലാശാല ഡീൻ ഡോ. അനിൽകുമാർ സ്വാഗതം പറഞ്ഞു. കേരള കാർഷിക സർവ്വകലാശാലയിലെ ഡോ തോമസ് ജോർജ്ജ് ആശംസയും അസോസിയേറ്റ് പ്രൊഫസ്സർ ഡോ. ബീല ജി.കെ. നന്ദിയും അറിയിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email**:fibtvm@gmail.com
**Telephone:** 0471 2317314